**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 528** **02-02-2023 - ൽ മറുപടിയ്ക്ക്**

**ധനകാര്യ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ധനകാര്യ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ധനകാര്യ അച്ചടക്കം പാലിക്കുന്നതിനായി ധനകാര്യ വകുപ്പിൽ നടപ്പാക്കിയിട്ടുള്ള നിയന്ത്രണങ്ങൾ/നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പ് വരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കു-കയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശ യാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപന-ങ്ങൾക്കും ബാധകമായ ടി നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിനും ബാധകമാണ്. |
| (ബി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ധനകാര്യ വകുപ്പിൽ നടത്തിയ പ്രവൃത്തി പഠനം സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ധനകാര്യ വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയിട്ടുള്ള പ്രവൃത്തി പഠനത്തിലെ വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ പരിഷ്കരിച്ച കരട് തയ്യാറാക്കുന്നതിനായി വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതി പഠനത്തിലെ വിശദാംശങ്ങളിന്മേൽ ധനകാര്യ വകുപ്പിലെ പ്രതിനിധിയുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പരിഷ്കരിച്ച കരട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ധനകാര്യ വകുപ്പിലെ തസ്തികകളുടെ പുനർവിന്യാസം ഉൾപ്പെടെയുള്ള നടപടികൾ ത്വരിതപ്പെടുത്തി സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനു മാതൃകപരമായ സമീപനം സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ധനകാര്യ വകുപ്പിൽ നടത്തിയിട്ടുള്ള പ്രവൃത്തി പഠനത്തിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പഠന റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് ആവശ്യമെങ്കിൽ തസ്തികകൾ പുനർ-വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ